(ബി) അനധികൃതമായി പണിത ഈ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഏത് ഉദ്യോഗസ്ഥനെയാണ് സർക്കാർ ചുമതലപ്പെടുത്തിയത് :

(സി) സർക്കാർ ഉത്തരവ് പാലിക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ :

(ഡി) ആനവിലാസം സർക്കാർ വക സ്ഥലത്ത് അനധികൃതമായി പണിത സി. പി. എം. ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അടിയന്തര നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ -സി) അനധികൃത കയ്യേറ്റം താലൂക്ക് സർവ്വെയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തുകയും ആയത് പോലീസ് സഹായത്തോടെ ഒഴിപ്പിക്കാൻ ആനവിലാസം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കൈയേറ്റം തടയാൻ ശ്രമിച്ച് ആനവിലാസം സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയിരുന്ന ശ്രീ. ഇ. എം. റെജിയെ കയ്യേറ്റക്കാർ മർദ്ദിക്കുകയും കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ടിയാനെ താലൂക്ക് ഓഫീസിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷയം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

ജില്ലാ ആസ്ഥാനവും താലൂക്ക് ഓഫീസുകളും ഇ-മെയിൽ മുഖേന ബന്ധിപ്പിക്കാൻ നടപടി

5(4284) ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ജില്ലാ ആസ്ഥാനവും താലൂക്ക് ഓഫീസുകളും തമ്മിൽ ഇ-മെയിൽ മുഖേന ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ ജില്ലാ ആസ്ഥാനവും താലൂക്കാഫീസുകളും തമ്മിൽ ഇ-മെയിൽ വഴി ബന്ധിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലൊന്നും തന്നെ ഈ സംവിധാനം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly